## കേരള വാട്ടർഅതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ നടപടിക്രമങ്ങൾ

## (ശ്രീമതി ഷൈനാമോൾ, ഐ.എ.എസ്.)

വിഷയം:- കുടുംബശ്രീ മീറ്റർ റീഡർമാരുടെ വേതനം ഉയർത്തുന്നത് സംബന്ധിച്ച്.

---

കേരള വാട്ടർ അതോറിറ്റി

നം. കേ.വ.അ/എച്ച്.ഒ/ആർ.എം.സി/ആർ2/3257/2006 വാല്യംII. തീയതി 28.04.2017.

---

സൂചന:- (1.) 21.08.2007-ലെ കുടുംബശ്രീ ഡയറക്ടറും വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറും ചേർന്ന് ഒപ്പുവച്ച ധാരണാപത്രം.

(2.) 26.02.2016-ലെ ജി.ഒ.(പി.) 28/2016 നമ്പർ സർക്കാർ ഉത്തരവ്.

(3.) 17.01.2017-ലെ 390-ാമത് ബോർഡ് മീറ്റിംഗിലെ തീരുമാനം (റിസല്യൂഷൻ നമ്പർ. 10459)

## ഉത്തരവ്

കൃത്യനിഷ്ഠയോടെ കൃത്യതയാർന്ന മീറ്റർ റീഡിംഗ് ലഭ്യമാക്കാനായി കുടുംബശ്രീ ഡയറക്ടറും വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറും ചേർന്ന് സൂചന (1) പ്രകാരം ഒപ്പുവെച്ച ധാരണാപത്രത്തിന്റേയും സൂചന (2) പ്രകാരം ദിവസ വേതനം വർദ്ധിപ്പിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിന്റെയും സൂചന (3) പ്രകാരമുള്ള ബോർഡ് തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ കുടുംബശ്രീ വഴി ദിനംപ്രതി എടുക്കേണ്ട റീഡിംഗുകളുടെ എണ്ണവും റീഡിംഗ് ഒന്നിന് നൽകുന്ന വേതനവും താഴെ പ്രസ്താവിക്കുംവിധം പുനർനിർണ്ണയിച്ച് ഇതിനാൽ ഉത്തരവാകുന്നു. ടി ഉത്തരവിന് 01.02.2017 മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

| ഉപഭോക്താക്കൾ ഉൾപ്പെടുന്ന പ്രദേശം | ഒരു ദിവസം എടുക്കേണ്ട റീഡിംഗുകളുടെ എണ്ണം | റീഡിംഗ് ഒന്നിന് വർദ്ധിപ്പിച്ച പുതിയ നിരക്ക് |
|---|---|---|
| കോർപ്പറേഷൻ | 60 | Rs. 11.25 (Rs. 675/60) |
| മുൻസിപ്പാലിറ്റി | 50 | Rs. 13.50 (Rs.675/50) |
| പഞ്ചായത്ത് | 45 | Rs. 15.00 (Rs. 675/45) |

മാനേജിംഗ് ഡയറക്ടർ.

പകർപ്പ്

1) എല്ലാ മേഖലാ ചീഫ് എഞ്ചിനീയർമാർക്കും സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയർമാർക്കും ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും, എല്ലാ ഓഫീസ് മേധാവികൾക്കും
2) മാർച്ച് സോഫ്റ്റ് വെയറിൽ ടി നിരക്കുകൾ ഭേദഗതി വരുത്തുന്നതിനായി ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (ഓപ്പറേഷൻസ്)
3) വെബ്സൈറ്റ് പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി ഡേറ്റാ ബേയ്സ് അഡ്മിനിസ്ട്രേറ്റർക്ക് സമർപ്പിക്കുന്നു.